അപ്രസിദ്ധനായ ഇന്ദ്രദ്യുമ്നൻ




ശ്രീ

സ്കാന്ദമഹാപുരാണത്തിൽ നിന്നു് എടുത്ത ഒരു കഥ

(കിളിപ്പാട്ട്)



ഒടുവിൽ ശങ്കരൻകുട്ടി മേനോൻ
എഴുതിയതു്



അപ്രസിദ്ധനായ
ഇന്ദ്രദ്യുമ്നൻ



ശ്രീ

സ്കാന്ദമഹാപുരാണത്തിൽ നിന്നു് എടുത്ത ഒരു കഥ

(കിളിപ്പാട്ട്)



കടവിൽ ശങ്കരൻകുട്ടി മേനോൻ
എഴുതിയതു്

൧൦൯൫

വി. ബുക്കുഡിപ്പോ,
തിരുവനന്തപുരം

൨-ാം പതിപ്പു — കോപ്പി 1000


കേരള സാഹിത്യ
അക്കാദമി

അപ്രസിദ്ധനായ ഇന്ദ്രദ്യുമ്നൻ

ശ്രീ

സ്കാന്ദമഹാപുരാണത്തിൽ നിന്ന് എടുത്ത ഒരു കഥ

(കിളിപ്പാട്ട്)



ഒടുവിൽ ശങ്കരൻകുട്ടി മേനോൻ

എഴുതിയത്

"കമലാലയ" പ്രസ്സ്

തിരുവനന്തപുരം.

[illegible]

[illegible]ാം പതിപ്പ് — കോപ്പി



കേരള സാഹിത്യ
അക്കാദമി

അഷ്ടാദശമഹാപുരാണങ്ങൾ ഋഷിപുംഗവന്മാരുടെ ജീവിതാദർശങ്ങൾ ആകുന്നു. ഇവകൾ ക്രി. മു. ൩൦൦-നും ക്രി. അ. ൬൦൦-നും മദ്ധ്യേയുള്ള ൯൦൦ കൊല്ലങ്ങൾക്കിടയിലാണ് എഴുതപ്പെട്ടിട്ടുള്ളതെന്നു ചരിത്രപണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. ഇവയുടെ നിർമ്മാണകാലംമുതൽക്കു ഹൈന്ദവജീവിതത്തെയും ഇൻഡ്യയിലെ സാമുദായികനയത്തെയും ക്രമീകരിക്കുന്നതിലും ദൃഢീകരിക്കുന്നതിലും ഇവ പ്രദർശിപ്പിച്ചിട്ടുള്ള പ്രേരണാബലം വിസ്മയിക്കത്തക്കതാണ്. ഇവ ജീവിതമാതൃകകളുടെയും മനുഷ്യജീവിതത്തെ ഫലവത്താക്കിത്തീർക്കുന്ന ആത്മീയതത്വങ്ങളുടെയും ഭണ്ഡാകാരങ്ങളാണ്. പാശ്ചാത്യന്മാരും പൌരസ്ത്യന്മാരും ഐകകണ്ഠ്യേന ഇവയെ കൊണ്ടാടുന്നതിന്റെ രഹസ്യവും ഇതുതന്നെയാണ്. സംസ്കൃതഭാഷ രാഷ്ട്രീയഭാഷ അല്ലാതാകുകയും ഹിമവൽസേതുപര്യന്തം നാനാവിധദേശ്യഭാഷകൾ ജനിച്ചുവളരുകയും ചെയ്തു, അനന്തരകാലത്തു ഈ പുരാണങ്ങൾക്കു ജനസാമാന്യത്തിന്റെ ഇടയിൽ പ്രചാരം കുറഞ്ഞുവന്നു. എന്നാൽ അഷ്ടാദശമഹാപുരാണങ്ങൾക്കു ജാത്യാലുള്ള മാഹാത്മ്യം അധികകാലം അമർന്നുകിടക്കുവാൻ മാത്രം പ്രഭാരഹിതമല്ല. കാലക്രമേണ സംസ്കൃതഭാഷകളിൽ എഴുതപ്പെട്ടിരുന്ന ഈ പുരാണങ്ങളെ ഭാരതഖണ്ഡത്തിലെ എല്ലാദേശ്യഭാഷകളിലേക്കും തർജ്ജിമചെയ്തുതുടങ്ങി. ആധുനികവിദ്യാഭ്യാസത്തിന്റെ ഫലമായി അടുത്തകാലത്തു ഭാരതീയരുടെ ഇടയിൽ ഉണ്ടായിട്ടുള്ള ഉണർച്ചയും പുരാണപാരായണത്തിലേയ്ക്കു പലരുടേയും മനോഗതിയെ തിരിച്ചിട്ടുണ്ട്. കേരളീയരുടെ ഇടയിലും ഈ പ്രേരണാശക്തി വ്യക്തമായി കാണുന്നതു് എത്രയോ അഭിമാനകരം തന്നെ.

പതിനെട്ടു പുരാണങ്ങളിലും വെച്ചു പരപ്പേറിയതു സ്കാന്ദപുരാണമാണ്. ഇതിൽ ആകെ ൮൧൦൦൦ ഗ്രന്ഥമുണ്ട്. ഈ

[illegible] ന്നെ തർജ്ജിമചെയ്തിട്ടില്ല. ഗ്രന്ഥവിസ്താരഭയംകൊണ്ടോ, പരിഭാഷാപരിശ്രമത്തെ ഭയന്നോ എന്തു കാരണമെന്നു അറിഞ്ഞില്ല, നമ്മുടെ ഭാഷാഭിമാനികളിൽ ആരും അഷ്ടാദശപുരാണങ്ങളിൽ ഒന്നു രണ്ടെണ്ണം ഒഴിച്ചു മററുള്ളവയെ പരിഭാഷപ്പെടുത്തുന്നതിൽ ഔത്സുക്യം കാണിച്ചിട്ടില്ല. പതിനെട്ടു പുരാണങ്ങൾ പതിററ കിടക്കുന്നുണ്ടെങ്കിലും അവയെ സംസ്കൃതഭാഷാനഭിജ്ഞന്മാരായ നിരവധി കേരളീയരുടെ ഉപയോഗാർത്ഥം തർജ്ജിമചെയ്യുവാൻ ആരും ഇതുവരെ പുറപ്പെടാതിരുന്നതു് എത്രയോ ശോചനീയമായിരിക്കുന്നു.

എന്നാൽ ഈ ന്യൂനത ഉത്തമകവിയായ ഒടുവിൽ ശങ്കരൻകുട്ടിമേനോന്റെ പരിശ്രമഫലമായി തീർന്നുതുടങ്ങിയിരിക്കുന്നതു് എത്രയോ ആശ്വാസകരംതന്നെ. പതിനെട്ടിൽ പെട്ടതല്ലെങ്കിലും ആന്തരമായ ഗുണപൌഷ്കല്യത്താൽ ഒരു മഹാപുരാണമായ ശ്രീ കൽക്കിപുരാണത്തെ ആദ്യമായി കൈരളിക്കു ദാനംചെയ്തിട്ടുള്ള ഇദ്ദേഹം ഇപ്പോൾ സ്കാന്ദമഹാപുരാണത്തെ പരിഭാഷപ്പെടുത്തുകയാണു്. ശൈവമാഹാത്മ്യത്തെ പ്രതിപാദിക്കുന്ന ഈ മഹാപുരാണവും അടുത്തകാലത്തു കൈരളിയുടെ കണ്ഠാഭരണമായിത്തീരും. പിന്നിൽ വരുന്ന വസ്തുവിന്റെ നിഴൽപോലെയാണു് അപ്രസിദ്ധനായ ഇന്ദ്രദ്യുമ്നൻ നമ്മുടെ മുമ്പിൽ അവതരിച്ചിരിക്കുന്നതു്. ഈ പുസ്തകത്തിലെ കഥ സ്കാന്ദപുരാണം മാഹേശ്വരഖണ്ഡത്തിൽ കൌമാരഖണ്ഡത്തിലുള്ള ഏഴ്, എട്ട്, ഒമ്പതു, പത്തു് ഈ അദ്ധ്യായങ്ങളിൽ നിന്നു് എടുത്തു് എഴുതീട്ടുള്ളതാകുന്നു. സുകൃതപ്രഭാവംകൊണ്ടു ബ്രഹ്മലോകം ലഭിച്ച ഇന്ദ്രദ്യുമ്നമഹാരാജാവിനെ അപ്രസിദ്ധനെന്ന കാരണത്താൽ തന്റെ കീർത്തിയെ പുനരുദ്ധാരണം ചെയ്യുന്നതിലേക്കായി ബ്രഹ്മാവു ഭൂമിയിലേക്കയക്കുന്നു. ഭൂമിയിൽ പലയിടത്തും അന്വേഷിച്ചിട്ടും തന്നെ ആരും സ്മരിക്കുന്നില്ലെന്നു അറിഞ്ഞു ചിന്താകുലനായ ഇന്ദ്ര

[illegible] ബകത്തിന്റെയും പ്രാകാരകർണ്ണനെന്ന ഉലൂകത്തിന്റെയും ഗൃദ്ധ്രശ്രേഷ്ഠന്റെയും അടുക്കൽ ചെന്നു തന്നെ പററി കേട്ടറിവുണ്ടോ എന്നു ചോദിച്ചു. ചിരഞ്ജീവികളായ ഇവരുംകൂടി തന്നെ ഓർക്കുന്നില്ലെന്നു പറഞ്ഞശേഷം ഇന്ദ്രദ്യുമ്നൻ ഇവരോടൊരുമിച്ചു മാനസസരസ്സിൽ കിടക്കുന്ന ചിരഞ്ജീവിയായ ഒരു കൂർമ്മത്തെ കാണുവാൻ പോയി. ഈ കൂർമ്മത്തിൽ നിന്നു് ഇന്ദ്രദ്യുമ്നൻ തന്റെ പൂർവ്വകഥ കേൾക്കുകയും തന്മൂലം തന്റെ സ്നേഹിതന്മാരായ ഉലൂകബകങ്ങളോടൊരുമിച്ചു ശിവലോകം പ്രാപിക്കയുംചെയ്തു. ഇതാണു കഥയുടെ ചുരുക്കം. ഈ ചുരുക്കത്തിൽ ബകം, ഉലൂകം കൂർമ്മം മുതലായവയുടെ ജീവചരിത്രങ്ങളായ മണികൾ ഇണക്കിച്ചേർക്കുകയും ചെയ്തിട്ടുണ്ടു്.

ഈ പുസ്തകം കിളിപ്പാട്ടുരീതിയിലാണു് എഴുതിയിട്ടുള്ളതു്. കിളിപ്പാട്ടിൽ സാധാരണ നടപ്പുള്ള കേക, കാകളി, കളകാഞ്ചി, അന്നനട എന്നു നാലു വൃത്തങ്ങളിൽ കളകാഞ്ചി ഒഴിച്ചു മൂന്നും കവി ഇടകലർത്തി പ്രസ്തുതപുസ്തകത്തിൽ ഉപയോഗിച്ചിട്ടുണ്ടു്. ഈ കവിയുടെ കിളിപ്പാട്ടുകൾക്കു പ്രത്യേകം ഒരു ആസ്വാദ്യതയുണ്ടെന്നു കൽക്കിപുരാണാദികൾ വായിച്ചിട്ടുള്ളവരോടു പ്രത്യേകം പറയേണ്ടതില്ല. ശ്രീമാൻ ശങ്കരക്കുട്ടി മേനവന്റെ ജന്മസിദ്ധമായ ഭക്തിരസം ഈ പുസ്തകത്തിൽ പലഭാഗത്തും വ്യക്തമായി പ്രകാശിക്കുന്നുണ്ടു്; എന്നുതന്നെയല്ല അപ്രസിദ്ധനായ ഇന്ദ്രദ്യുമ്നൻ ആപാദചൂഡം ലളിതമധുരമായിരിക്കുന്നു. ഈ പുസ്തകത്തിൽ അങ്ങിങ്ങും പരന്നു കിടക്കുന്ന സദാചാരവാക്യരത്നങ്ങൾ ബാലവിദ്യാർത്ഥികളുടെ മാനസാലങ്കാരത്തിനു പ്രത്യേകം ഉതകുന്നതാണു്.

"ജഗതിയാകുന്ന മുഖ്യം ബ്രാഹ്മണജാതിയെന്നും
വർണ്ണങ്ങൾക്കെല്ലാം മുഖ്യം ബ്രാഹ്മണരായിടുന്നു.

*   *   *   *   *   *   *

[illegible]

ദ്രവ്യമെന്നുള്ളതിന്നില്ലൊരു സംശയം.

*   *   *   *   *   *

വിത്തവും വിദ്യയും ബന്ധുക്കളും മദോ-

ന്മത്തന്നു മൂന്നു മദങ്ങളായ്ത്തീര്‍ന്നിടും"

ഇത്യാദികളായ സദാചാരവാക്യങ്ങൾ ഉള്ള ഉത്തമപുസ്തകങ്ങളെയാണു പാഠ്യപുസ്തകങ്ങളായി ഉപയോഗിക്കേണ്ടതു്. നാനാവിധത്തിലും വിശിഷ്ടമായ ഈ പുസ്തകത്തെ വിദ്യാര്‍ത്ഥികൾ എന്നല്ല കേരളീയരും സര്‍വ്വാത്മനാ ആദരിക്കുമാറാകട്ടെ.

നന്ത്യേലത്തു പത്മനാഭമേനോൻ ബി. എ.



൨ാം അദ്ധ്യായം.

ശ്രീമഹാദേവന്റെ പുത്രൻഗണേശനും
താമരക്കണ്ണിയാം ഭാരതീദേവിയും
മാമകവിഘ്നങ്ങളാം തീർത്തിക്കവിതയ്ക്കു
സീമയില്ലാതുള്ള നന്മചേർക്കേണമെ.
നാരദമാമുനിതന്നോടുചോദിച്ചി-
താശ്രദ്ധകൌതുകം ധന്യനാമർജ്ജുനൻ.
ചൊല്ലാമൊന്നാരിമ്മഹീസാഗരതീർത്ഥത്തി-
നുള്ളോരുമാഹാത്മ്യമെത്രയുമത്ഭുതം.
അല്ലയൊയാമാമുനേ! സംക്ഷേപമായ് ഭവാൻ
ചൊല്ലിയതേററവും മോദമേകുന്നുമെ.
വിസ്തരിച്ചായതു കേൾക്കുവാനാഗ്രഹം
ചിത്തത്തിലുണ്ടതും സാദ്ധ്യമാക്കീടണം.
ആരുടെയാഗംനിമിത്തമുണ്ടായ് വന്നു
പേരാളുമിമ്മഹാതീർത്ഥം മഹാമുനെ!
ഇത്തരംചോദിച്ചപാർത്ഥനോടമ്മുനി-
സത്തമനുത്തരം സസ്മിതം ചൊല്ലിനാൻ:
വന്ദ്യയാമിന്നദിയെങ്ങിനെയുണ്ടായി
വന്നിതെന്നുള്ളോരു പുണ്യകഥയെന്നീ
കേട്ടുകൊണ്ടീടുക ചൊല്ലിത്തരുന്നുണ്ടു
കേട്ടീടിലർജ്ജുന! പുണ്യമുണ്ടായ് വരും.
ഇന്ദ്രനെക്കാളും യശസ്വിയിന്ദ്രദ്യുമ്ന-
നെന്നൊരുരാജാവുജാതനായ് പണ്ടെടൊ.
ദാനശീലൻസർവ്വധർമ്മജ്ഞനേററവും
മാനനീയൻ വേണ്ടതെല്ലാമറിഞ്ഞവൻ
സൽഗുണാഢ്യനവൻതന്നെവിവേകത്തി-
നാക്കിലിരിപ്പിടം, സത്യസന്ധൻപ്രവൃ-
ത്തനുടെധർമ്മാങ്കിതമാംധ്വജത്തെയി-
മന്നിലെല്ലാടവുംനാട്ടിച്ചിതന്നവൻ

മെണ്ണമില്ലാതവൻ ചെയ്താൻ യഥാവിധി,
ട്ടനായകാജ്ഞയാൽ കിങ്കരസഞ്ചയ-
മുന്നതയെന്യേ ദശമിനാളാദരാൽ
നാട്ടിലെല്ലാടവും ടന്നു പെരുമ്പറ
കൊട്ടിയറിയിച്ചിതേകാദശീവ്രതം.
വന്ദ്യങ്ങളായുള്ള യാഗങ്ങളും ചെയ്തവൻ
മന്നിലൈശ്വര്യം വളർത്തിനാൻ മേൽക്കുമേൽ.
ഗംഗയിൽ കാണും മണലുമാകാശത്തി-
ലെങ്ങുമേ കാണുന്ന നക്ഷത്രപങ്ക്തിയും
നേരേ കണക്കാക്കിയോതുവാൻ ബുദ്ധിമാ-
ന്മാരായവൎക്കു കഴിഞ്ഞുവെന്നായ് വരാം.
എത്രയുണ്ടീനൃപൻതന്നുടെ പുണ്യമെ-
ന്നോൎത്തുരചെയ്യുവാനൊക്കില്ലതെല്ലുമേ.
ഏവം മഹത്തായ പുണ്യങ്ങളെക്കൊണ്ടു
ട്ടവനീശ്ശരീരത്തോടുകൂടവെ
പൊന്തുമാകും വിമാനമേറി സ്സുഖം
ബ്രഹ്മലോകത്തെഗ്ഗമിച്ചാൻ ധനഞ്ജയ!
ഭോഗങ്ങളെല്ലാം ഭുജിച്ചു വാണാൻ ബ്രഹ്മ-
ലോകത്തിലായവൻ നൂറുകല്പം വരെ
പിന്നെ വിരിഞ്ചൻ നൃപനോടു ചൊല്ലിനാൻ;
മന്നവ! പോക നീ ഭൂഗന്ധരാതലെ
തെല്ലുമിവിടത്തിൽ വാഴുവാൻ യോഗ്യത-
യില്ലാ നിനക്കിനിയെന്നു ധരിക്കണം.
ഏവം വിരിഞ്ചനരുൾചെയ്ക നേരത്തു
ഭൂവരൻ വന്ദിച്ചു ചോദിച്ചിതിത്തരം.
പുണ്യമൊരുപാടു ചെയ്തു ഞാനെന്നിട്ടു-
മണ്ണാജസംഭവ! ദേവ! ജഗല്പതേ!
ഇപ്പോളിവനോടു ഭൂമിയിൽ പോകുവാൻ
കല്പിക്കുവാനുള്ള ഹേതുവെന്തോതണം.
രാജാവുതന്നുടെ ചോദ്യത്തിനുത്തരം
രാജീവസംഭവൻ ചൊല്ലിനാനിത്തരം
ധാത്രീശ! നീ ചെയ്ത പുണ്യങ്ങളെക്കൊണ്ടു
[illegible]

ധന്യനാകീൎത്തിയും വൎണ്ണിച്ചിടുന്നുണ്ടു.
നിന്നുടെ കീൎത്തി ശ്രവിച്ചിരിക്കുന്നിതു
മന്നിടത്തിങ്കലുള്ളൊരെല്ലാവരും.
പുത്തനാം കീൎത്തിമാനുണ്ടായ്വന്നതും ഭവാ-
നത്രെ പവാഴ്വാനാഗ്രഹമെങ്കിലൊ.
സാരസസംഭവനേവം കഥിച്ചൊരു
നേരമാബ്ഭൂവരൻ ചോദിച്ചിതിത്തരം:
താമരസോത്ഭവ! ദേവ! യെനിക്കിനി-
ബ്ഭൂമിയിലെങ്ങിനെ പുണ്യമുണ്ടായ്വരും.
എന്തു ഞാൻ ചെയ്യേണമായതിന്നൊന്നതും
സന്തോഷാൽ തെളിഞ്ഞനുമോദെ ചൊല്ലീടവേണമെ.
പുഷ്കരസംഭവൻ ചൊല്ലിനാൻ പിന്നെയും
കേൾക്ക കാലംതന്നെയേറ്റമഹത്തടൊ.
ബ്രഹ്മാണ്ഡകോടിയുമെന്നല്ല ഭൂപതെ!
നമ്മെയുംകൂടവെ സംഹരിക്കും ക്ഷണം.
പിന്നെബ്ഭവാദൃശന്മാരെക്കുറിച്ചിനി-
യൊന്നുമെ ചൊല്ലേണ്ടതില്ലാകയാൽ ഭൂതലെ
ചെന്നു നിൻ കീൎത്തിയെപ്പാരമുയൎത്തിയു-
മിന്നാട്ടുപുക്കു സുഖിച്ചു വാഴ്കമെടൊ.
ഏവം വിധാതാവു ചൊന്നതു കേട്ടൊരു
ഭൂവരൻ ഭൂതലെ കാമ്പില്യപട്ടണെ
ചെന്നു പുക്കൊന്നുടനപ്പുരം കണ്ടിട്ടു
തന്നുള്ളിലത്ഭുതം പൂണ്ടു നിന്നീടിനാൻ.
തത്രത്യരോടവൻ ചോദിച്ചിതന്നു തൻ
വാൎത്തകളപ്പൊളവരുമോതീടിനാർ.
തെല്ലുമിത്ര്യൎന്നൃപനൊരുത്തനും
ഇല്ലാതെയിപ്രദേശത്തിലീഞങ്ങളിൽ.
ഏതവൻ തന്നുടെ രാജ്യമെന്നുള്ളതു
ഞങ്ങളിലാൎക്കുമറിഞ്ഞുകൂടാ ദൃഢം.
ചോദിക്കനീ പോയ് ചിരായുസ്സുകളോടു
ബോധിച്ചിരിക്കുമവരിതെന്നാസ്ഥയാ.
ഏവംശ്രവിച്ചൊരനന്തരം ചിരംജീവി-
[illegible] പക്ഷിരാജ്യത്തിലുള്ളോരു നാൻ സ്വച്ഛൻ.

മാമുനിവാഴുന്നിതത്ഭുതാകാരനായും.
കല്പങ്ങളേഴു കഴിഞ്ഞിരിക്കുന്നിത-
സ്സൽപുമാൻ തന്നുടെ ജീവിതമോർക്കണം.
ഇത്ഥമമാനുഷകാര്യമൊന്നുൾക്കൊണ്ടാ-
ശ്ചര്യം വേഗം നടന്നു ചെന്നന്നൃപൻ
വന്ദ്യനായ് വാഴുന്ന മാർക്കണ്ഡമാമുനി
തന്നെ നമസ്കരിച്ചേവമുണർത്തിനാൻ:
മംഗലാത്മൻ മുനിശ്രേഷ്ഠ! ചിരംജീവി-
യങ്ങുന്നു സർവ്വജ്ഞനെന്നറിഞ്ഞേനഹം.
മന്നിലിന്നുള്ളതന്നെന്നാശ്രയിച്ചിതോ-
ധന്യമൗലേ! ഭവാൻ കേട്ടിരിക്കുന്നുവോ?
ഇത്തരം സംശയം ചോദിച്ചു ഭൂപനോ-
ടുത്തരം സസ്മിതം മാർക്കണ്ഡനോതിനാൻ:
ഞാനേഴു കല്പമായ് ജീവിച്ചിരിക്കുന്നു
ഞാനറിവുള്ള ഭൂപാലനെങ്ങുമെ
ഉണ്ടായതില്ലിതിമറ്റു സന്ദേഹങ്ങ-
ളുണ്ടെങ്കിലെന്നോടു ചോദിച്ചുകൊള്ളുക.
ഏവം മുനീശൻ ചൊന്നോരനേരത്തു
ഭൂവരൻ വല്ലാതെ ദുഃഖമുൾക്കൊണ്ടുടൻ
തീക്കുണ്ഡമൊന്നു ചമച്ചതിൽ ചാടുവാ-
നായ്ക്കൊണ്ടു സന്നദ്ധനായി നിന്നീടിനാൻ.
ഇത്തൊഴിൽ കണ്ടോരനേരത്തു മാമുനി
സത്തമൻ പാരം കനിവാർന്നു ചൊല്ലിനാൻ:
ഈവിധം സാഹസം ചെയ്തിടരുതു നീ
ജീവിതമേവനുമേറ്റം രക്ഷ്യമാണോർക്കണം.
ത്തീയിൽ പരം വയസ്സായാലുമോർത്തീടു-
മാറില്ലാതതാപമുള്ളിൽ പാർത്തീടുവാൻ.
നിന്നുടെ ദുഃഖോപശാന്തിവരുത്തുവാ-
നിന്നൊരുപായമുണ്ടായതും ചൊല്ലുവൻ.
എന്നിലധികം വയസ്സുള്ളൊരു ബക-
മെന്നുടെ മിത്രമായുണ്ടെന്നതോർക്കനീ.
ഉടനേ ഓടിച്ചെന്നാലതിനുപോരുന്നവൻ
തീർത്തിരിക്കില്ലിനിന്നുടെ സംശയം.

തന്നുടെ പാശം ശമിക്കവേണ്ടുന്നതും
ജീവിച്ചിരിക്കുന്ന കാലം പരാത്മാവാം-
യാദവാളമെന്തും പ്രവൃത്തിക്കണം ജഗം
എന്നതു തന്നെ ശിക്ഷിവിതോദ്ദേശക-
മെന്നുള്ളതത്വാർത്ഥവേദിയാം മാമുനി
ളുപനോടുംകൂടി വേഗം ഹിമാലയം
പ്രാപിച്ചു പിന്നെബ്ബകാലശ്രമം പൂകിനാൻ.
എത്രയോ നാളായടുത്തു കാണാത്തുള്ള
മിത്രമാം മാമുനിശ്രേഷ്ഠനെക്കാണകയാൽ
ചൊല്ലാർന്നൊരൻപോടും വേണ്ടുമുപചാര-
മെല്ലാമവൻ കൌതുകം ചെയ്തു ചൊല്ലീടിനാൻ:
ധന്യമെന്നുമേ ഭവാൻ വന്നതു കാരണ-
മിന്നിനിക്കേറ്റം സന്തുഷ്ടിയാകുന്നതേ
യല്ലല്ലും കാരണമുണ്ടോ വരവിനു
ചൊല്ലുക സർവ്വം വിശേഷം മഹാമതേ!
ഉത്തരമവ്യക്തം ചൊൽകയാൽ മാർക്കണ്ഡ-
നന്തരം സോദരമേവമോതീടിനാൻ.
വഹ്നിയിൽ ചാടി മരിപ്പാൻ തുടങ്ങുന്നു
ഖിന്നനായ് നിൽക്കുന്ന സഖാവിപ്പുമാൻ.
ഉണ്ടിവന്നൊന്നു ധരിക്കുവാനായതു
കൊണ്ടുതന്നെ ഞാനുമിങ്ങോട്ടു വന്നതും.
ചൊല്ലുകിന്നുത്തമ! നമ്മോടിവനെപ്പററി
യല്ലതും കേട്ടറിവുണ്ടെങ്കിലിക്ഷണം.
എങ്കിലിമർത്ത്യന്റെ ജീവനാം രക്ഷണം
സങ്കടംകൂടാതെ ചെയ്യുന്നുതാൻ.
മാർക്കണ്ഡവാക്യം ശ്രവിച്ചനാഡീജംഘ-
നൽക്കാമ്പിലത്ഭുതം പൂണ്ടു ചൊല്ലീടിനാൻ:
ഇപ്രകാരം ഞാൻ കഴിച്ചേൻ പതിന്നാലു
കല്പകാലത്തോളമിന്നേവരെയുമെ
ണ്ണിങ്ങിനെയുള്ളോരു പനുണ്ടായതാ-
യെങ്ങുമേ കേട്ടിട്ടുകൂടിയുമില്ല ഞാൻ.
നാരദനർജ്ജുനൻ തന്നോടു ചൊല്ലിനാൻ
സാരജ്ഞനാം ബകൻ ചൊന്നതു കേൾക്കയാൽ.

[illegible]
ടിപ്രകാരംതദോ ചോദിച്ചിതശ്ശ്രീമൻ!
ആയുസ്സുദീർഘമായവും ഭേദിക്കുവാ–
നായിട്ടുകോണ്ടെന്തെന്തുചെയ്യേണ്ടവൻ.
കേൾക്കുവാനാഗ്രഹമുണ്ടെന്ന ബാല
വാക്കു ശ്രവിച്ചവൻ ചൊല്ലിനാനിത്തരം:
ശുചിയാം ദേവന്റെ നല്ലൊരനുഗ്രഹം
മൂലമായുസ്സെനിക്കുണ്ടായിദീർഘമായ്
വിപ്രന്റെ ശാപം നിമിത്തമായിട്ടതൊ–
ന്നിപ്രകാരം ബകരൂപമാർന്നീടിനേൻ.
പൂർവ്വജന്മത്തിൽ ഞാൻ വിശ്വരൂപാഖ്യനാം
സർവ്വംസഹാദേവനാമവൻതന്നുടെ
പുത്രനായ് വന്നു പിറന്നൻ പിതാവെന്നെ–
യെത്രയും വാത്സല്യമോടു വളർത്തിനാൻ.
ബാലകനായിട്ടെന്നെ "ബക"യെന്നു
ലാളിച്ചു താതൻ വിളിക്കുമെല്ലായ്പ്പൊഴും.
ബാലചാപല്യമെനിക്കസാധാരണ
ബാലകന്മാരിലുമേറ്റമാർന്നീടിനാൻ.
അച്ഛൻ പ്രതിദിനം പൂജിച്ചുപോരുന്ന
സ്വച്ഛമായുള്ളോരു ശൈവലിംഗത്തിനെ
താതനറിയാതെടുത്തു കളിച്ചു ഞാൻ
മോദേന നെയ്ക്കുടംതന്നിലിട്ടീടിനേൻ.
പങ്കമറ്റീടും മകരമാസത്തിലെ
സംക്രമമന്നായിരുന്നു ധരിക്കെടോ.
പൂജാഗൃഹം പൂക്കു താതനും നിർമ്മാല്യ
മോചനം ചെയ്യാൻ തുടങ്ങും ദശാന്തരേ
ഏണാങ്കചൂഡന്റെ വിഗ്രഹമെങ്ങുമേ
കാണാഞ്ഞു കാരണം പാരം വിവശനായ്
എന്നെ വിളിച്ചു സരോഷം ചോദിച്ചി–
തെന്നുണ്ണി!യെങ്ങിരിക്കുന്നുവെൻ വിഗ്രഹം
തന്നീടുകാശു വേഗം, നിനക്കു ഞാൻ
തിന്നുവാൻ നല്ലപലഹാരമേകുവൻ
കട്ടിസ്സാദരം നിമിത്തമായ്ത്തിന്നുവാൻ
കിട്ടുമെന്നോർത്തു ഞാനീശ്വരവിഗ്രഹം

[illegible]
ശുഭ്രാംപിതാവിന്റെ കയ്യിലേകീടിനോൻ.
ബ്രാഹ്മണജന്മംവെടിഞ്ഞ ...ീട്ടത്താ-
നിമ്മന്നിലാന്തട്ട പ... പുത്രനായ്
വന്നുജനിച്ചിതു പൂർവ്വജ...-
യന്നെനിക്കുണ്ടോ മിവന്നിട്ടു പതേ!
ബാലഭാവംകൊണ്ടു ശങ്കരവിഗ്രഹം
ലീലയാൽ നെയ്യിൽ കുളിപ്പിച്ച കാരണം
പൂർവ്വജന്മജ്ഞാനമുണ്ടായതെന്നാളു
ശർവ്വലിംഗങ്ങൾക്കു നെയ്യഭിഷേചനം
പങ്കമേറീടുംമകരമാസത്തിലെ
സംക്രമവാസരെ ചെയ്യുന്നോനീടിനോൻ.
പൂജ്യനാമച്ഛൻ ക്രിയ... കാരണം
രാജ്യസംരക്ഷണം ചെയ്യുന്നു യഥാവിധി.
എന്നുടെ രാജ്യത്തിലെങ്ങും ...പ്പാക്കി-
യന്നതിമുഖ്യമായ് നെയ്യഭിഷേകവും.
അന്നാളിലേകദാ... പ്രസാദിച്ചു
കന്നിമകളോടുമൊത്തു ശിവൻ പരൻ
എന്നന്തികത്തിലണഞ്ഞരുൾ ചെയ്തിതു
മന്ദഹാസം പൂണ്ടു മന്മഥനാശനൻ.
പൂർവ്വജന്മത്തിങ്കലെന്നുടെ വിഗ്രഹ-
മൂർവ്വിപതേ! ഭവാൻ നെയ്യിലിട്ടിടിനാൻ.
അന്നുതന്നെ ഞാൻ പ്രസാദിച്ചിരിക്കുന്നു
നിന്നിലതുകൊണ്ടു രാജ...മാന്നി
എന്തുനിന്നീപ്സിതമെന്നാലതിന്നിയ-
മന്തരമില്ലതരുവനെന്നരുളിനാൻ.
അർത്ഥിച്ചു ഞാനും ഗണാധിപത്യം കൃപാ-
മൂർത്തിയാം ശങ്കരൻ തന്നാനെനിക്കതും.
വീണ്ടും നമസ്കരിച്ചഞ്ജലിപൂർവ്വകം
വാണീടുമെന്നോടരുൾചെയ്തപിന്നെയും
ഇപ്പോൾമുതൽക്കെന്റെ വിഗ്രഹം നെയ്യുകൊ-
ണ്ടിപ്പാരിടത്തിങ്കലേതൊരു പൂജകൻ
ഉത്തമമാകുംമകരമാസത്തിങ്ക-
ലെത്തുന്ന സംക്രാന്തിവാസരെ ഭക്തനായ്

[illegible]

ധന്യനെന്നാണെൻറാപച്ഛദ്ധാക്കുവൻ.
ഏവരേക്കാളുമൊട്ടുമേ കോടിഗണങ്ങൾക്ക
ദേവതന്നെപ്പിന്നെ നാഥനാക്കീടിനാൻ.
അന്നുമുതൽ പ്രതിപാലോപാഖ്യനായ്
തീർത്തൊരീശപരിശാസനംകാരണം.
ഏററം മഹത്താം ഗണാധിപത്യസ്ഥാന-
മേററാളുമുപംതെത്തളിഞ്ഞവല്ലാതെഞാൻ

കാമാദികളാകുമാറുദോഷങ്ങളും
ശ്രീമൂലവുമുണ്ടാകയില്ലെന്നസംശയം
എന്നെശ്ശാപമേററിട്ടില്ലില്ല
ഭോഗവും ശ്രീയും സമാനമെന്നോർക്കണം
സ്ഥാനമാനങ്ങൾകൊണ്ടു ഗർവിച്ചവർക്കൊക്കെയാ-
ദാനയാഗപ്പാപച്ഛേദിച്ചിടുന്നതുംഞാൻ.
ഇന്നതുകൃത്യമകൃത്യമെന്നോർക്കാതെ-
ന്നന്നുള്ളിലെത്തും ധനികരൊത്തമത്തരായ്
പഞ്ചബാണന്റെ കൂടിയും കൂസാതെ
സഞ്ചരിച്ചീടിന്നായന്നതാനൊന്നുമേ.
വല്ലബന്ധുക്കളും വിത്തവും സമ്പത്തു-
മുള്ളതു നീചനാം മർത്യനു കേവലം
ആപത്തിനുള്ളൊരുമാറ്റുകളായുധം.
ശോഭനം സൽപുമാന്മാർക്കവയൊക്കെയും
അന്നതൊന്നാകും സമ്പാദിക്കുംവിധൌ
ചെന്നാൻ ഹിമാചലത്തിങ്കലദ്ദൂപം.
കണ്ടതന്നൊരു മുനിശ്രേഷ്ഠനത്തപോവൃത്തി-
പൂണ്ടു സന്തുഷ്ടനായ് തദ്രുവാഴുന്നതും.
വൻതപം ചെയ്തു ദാഹിച്ചുള്ള ദേഹത്തെ
യേന്തുന്നൊരമ്മുനിപുംഗവൻ ഗാലവൻ
ഐഹികസൌഖ്യത്തിനൊട്ടുമത്താപസ
ദേഹമുപയോഗമല്ലെന്നറിഞ്ഞഹോ.
അമ്മുനിതന്നുടെ പത്നിയായ് വർത്തിച്ചു-
മംബുജാക്ഷീമണിയെന്നതാൻ കാരണത്താൽ
എങ്ങിനെയെങ്കിലും കൈക്കലാക്കേണമീ-
യംഗനാരത്നത്തെയെന്നാർത്തിതേടിനാൻ

ചൊന്നു ശപിച്ചു നശിപ്പിക്കുമെ മുനി.
വിദ്യാർത്ഥിഭാവേന ചെന്നു വസിച്ചു ഞാൻ
വിദ്യയെല്ലാംഗിരീശൻ കൈക്കലാക്കീടുവൻ.
എന്നോർത്തു മോദിച്ചു വിദ്യാർത്ഥിയായ് ചെന്നു
ധന്യനാം മാമുനി തന്നെ വണങ്ങിനേൻ.
താഴ്മയോടേവം മുനീന്ദ്രനോടുണർത്തിനേൻ.
മാമുനിശ്രേഷ്ഠ! മഹാഭാഗ! സന്മതേ!
ത്വൽപാദപത്മം നമസ്കരിക്കുന്നു ഞാ-
നല്പം കനിവെന്നിലിന്നേകീടേണമേ.
ഭക്തരായുള്ള ജനത്തിന്നഭീപ്സിതം
വ്യക്തമായ് നൽകുന്ന വിഷ്ണുകൃപാലയൻ.
ഗാലവനാമം വഹിച്ചു വസിച്ചൊരി-
ക്കാലം ഭവാനെയനുസ്മരിക്കുന്നു ഞാൻ.
ഒന്നുമറിയാതെ മൂഢനായ് ഞാനിങ്ങു
വന്നു നിന്നീടുന്നൊരെന്നെ കൃപാനിധേ!
നല്ലുപദേശങ്ങൾ കൊണ്ടു ഭവാനെന്നെ ബോധമു-
ള്ളവനാക്കിച്ചമച്ചീടവേണമേ.
അജ്ഞാനമായുള്ള പാമ്പുകടിക്കയാൽ
പ്രജ്ഞകൂടാതെ വശംകെട്ടിരിപ്പു ഞാൻ.
ഗാരുഡശ്രേഷ്ഠ! നല്ലുപദേശമന്ത്രങ്ങ-
ളെന്നിൽ പ്രയോഗിച്ചു രക്ഷിക്കവേണമേ.
ഏവമെല്ലാം പറഞ്ഞമ്മുനി തന്നുടെ
ഭാവം തെളിയിച്ചു വന്ദിച്ചു നിന്നു ഞാൻ.
ധന്യനദ്ദേഹമനുഗ്രഹിച്ചീടിനാ-
നന്നായത്യന്തമായാർദ്രമാനസനായ്.
പിന്നെഗ്ഗുരുകുലവാസമ്മുഖേന ഞാൻ
തന്നംഗനയേയും സേവിച്ചുവന്നേൻ ചിരം.
വ്യാജമില്ലാതുള്ള ശിഷ്യനെന്നെന്നെയ-
പ്പൂജനീയൻ മുനിയോർക്കും വിധത്തിൽ ഞാൻ
നിത്യവും ശുശ്രൂഷ ചെയ്തു ഗുരുവിനും
പത്നിക്കുമേറ്റം പ്രീതി ചേർത്തുവാണീടിനേൻ.
ഭാര്യയെ തെല്ലു പിരിഞ്ഞു വസിച്ചീടു-
മാറില്ല വിശ്വാസമില്ലാത്തൊരാൾ ഗുരു.

[illegible]
കാണാതെ വാഴുന്നകാലമൊരുദിനം
ഒററയായ് രാത്രിയിലേകനായ് വന്നു
കററവർകേശിച്ചൊരാ വേദവളവിൽ
ഘോരധർമ്മത്തെഗ്രഹിച്ചു ചൊന്നമ്മുനി
ദാരങ്ങളെക്ഷണം കട്ടെടുപ്പിച്ചീടാൻ.
അപ്പൊഴുതാർത്തയായ്ക്കേണുതുടങ്ങിനാളാം
തല്പതിതന്നെവിളിച്ചുവെളളിവിടം
കട്ടുകൊണ്ടെന്നൊരു ദുഷ്ടനുശയിക്കുന്നു
ശിഷ്ടരെയാരുമേ! വന്നു തടുക്കണേ.
ശിഷ്യഭാവം പൂണ്ടിതേവരെ വാണവൻ
വിശ്വാസവഞ്ചകൻ പാപിദുരാശയൻ
ദ്ദേഹം ഗ്രഹിപ്പാൻ തുടങ്ങുന്നഹോ ഹന്ത!
സാധുജനങ്ങളെ രക്ഷിച്ചീടണമേ.
അങ്ങൊന്നൊഴിഞ്ഞെനിക്കില്ലൊരാലംബനം
മംഗലാത്മാവേ! മഹീസുരസർവ്വസ്വമേ!
ഓർത്തന്നിതാരമാർത്തസ്വരം കേട്ട് [illegible]
കാര്യം ധരിച്ചോരു ഗാലവനാമുനി
ദുഷ്ട! നീയിക്ഷണം നിൽക്കനിൽക്കെന്നോതി-
രുഷ്ടനായുച്ചം വിളിച്ചുചൊല്ലീടിനാൻ.
മാന്യനാമമ്മുനിതന്റെ തപസ്സിനാൽ
വന്നീതെനിക്കു ഗതിഭംഗമക്ഷണം!
ചിത്രം കണക്കൊരു ചേഷ്ടയും കൂടാതെ
തത്രൈവ ലജ്ജയും പൂണ്ടു നിന്നീടിനേൻ.
അന്നേരമേററവും കോപിച്ചമാമുനി
വന്നു ശപിച്ചിതു ദുസ്സഹമിന്നേരം.
മൂഢബുദ്ധേ! നീ ബകവൃത്തികൈക്കൊണ്ടു
ക്രൂരമാമീവക പ്രവൃത്തികാരണം
ഇന്നുമുതല്ക്കു ബകമായ് ഭവിച്ചീട്ടു-
കന്നുടൈവാകിനാൽ, ദുർമ്മതേ! നീ ചിരം.
അമ്മുനിതന്നുടെ ശാപംനിമിത്തമാ-
യെന്നെനീയായവൻ ബകമായ്ത്തീർന്നു ക്ഷണം.
ആകുമവസ്ഥയുമിന്നാളിലൊക്കെയും
ന്നോർക്കണമിപ്പോൾ ഭോജ്യലാഭാഗ്രഹം.

[illegible]
ചൊല്ലുന്നുശാസ്ത്രങ്ങളും, ചെയ്യാഞ്ഞിടാരുമേ.
ധർമ്മംവെടിഞ്ഞുനടന്നാലൊരുത്തനും
സന്മതനായ്‌വരികില്ലെന്നുനിർണ്ണയം.
ഏകരസ്പർശനംമൂലംദ്വേഷിച്ചുള്ള
പങ്കജനേത്രയാമസ്സതിമൌലിയും
ഭർത്തൃപദീപംഗമിച്ചു സസംഭ്രമ-
മാർത്തയായെന്നെശ്ശപിച്ചാളിതെവിധം.
രണ്ടുപേരുംചൊന്നശാപവാക്യങ്ങളെ-
ക്കൊണ്ടുഞാനേറവുംസംഭ്രാന്തചിത്തനായ്
ആലിലപോലെവിറച്ചവർതങ്ങടെ
കാലിണയിൽചെന്നുവീണുനമിച്ചിതേൻ.
മംഗലാത്മാക്കളെ! പാപിയായുള്ളഞാ-
നംഗജാരാതിയാംദേവൻ്റെ പാർഷദൻ
ഇങ്ങിനെയെല്ലാംഭവിച്ചുവിധിവശാൽ
നിങ്ങളനുഗ്രഹിച്ചെന്നെരക്ഷിക്കണം.
ദുഷ്ടർകൂട്ടുംകതിവാക്കിലുംവെറുത്തു
വെച്ചാലുരുകുംനവനീതമുള്ളിലും
ചേർന്നിരിക്കുന്നമഹാത്മാക്കളാംനിങ്ങ-
ളെന്നുടെകുററംപൊറുത്തുകൊള്ളേണമേ.
രോഷവുംതോഷവുംമാറിമാറിക്കണ-
മാശയശുദ്ധിയെഴുന്നോർക്കുസിദ്ധമാം
കാരുണ്യവാന്മാർക്കുചെയ്യുന്നൊരെതിർക്കിനും
മററില്ലൊരാശ്രയംനിങ്ങളല്ലന്യദൃഢം,
ഭൂമിയിൽകാൽതെററിവീഴുന്നമർത്ത്യന്നു
ഭൂമിയല്ലാതെകരേറ്റൊരാലംബനം.
നേരിടുവാൻപോകുമാപത്തുമുന്നമെ
നേരറിയുംമഹാത്മാക്കളായവർ
ഒന്നുമറിവില്ലമൂഢരായുള്ളവർ
വന്നുചേരുമ്പോളൊഴിഞ്ഞുതൻഭാവിയെ
ഓർക്കിലെനിക്കിസ്സനാധിപത്യംതന്നെ-
യിക്കണ്ടദുഃഖത്തിനൊക്കെയുംകാരണം
ദുർവൃത്തനായുള്ളമർത്ത്യനാപത്തുതാൻ
ഭൃത്യരെന്നുള്ളതിന്നില്ലൊരുസംശയം.

ധരിച്ചീടുന്നൊരു ദുർവൃത്തവേഷവൻ.
വല്ലാതെയുള്ളമദംകൊണ്ടു ഗർവിച്ചു
നിർല്ലജ്ജനായീടുമെന്നോടു തുല്യനായ്
തെല്ലുമിരിക്കില്ലൊരേടത്തുമെന്നതി-
ന്നില്ലൊരു സംശയം പാരം ധരിച്ചുപോം.
വിത്തവും വിദ്യയും ബന്ധുബലങ്ങളുമെടോ.
മത്തനു മൂന്നു മദങ്ങളായ്ത്തീർന്നിടും.
സത്തുക്കളായുള്ളവർക്കിവ മൂന്നു
ദാന്തകരങ്ങളും ദമമെന്നു ചൊല്ലിടാം.
തെല്ലും മനോജയം കൂടാത്ത മാനുഷ-
ർക്കുള്ളൊരു ബുദ്ധിഗതികളുമുണ്ടായ് വരും.
അങ്ങിനെയുള്ളൊരു ഞങ്ങളാം നിമിത്തമാ-
യെന്നോ ചപലയായ്ത്തീർന്നു ലക്ഷ്മിയും.
എല്ലാമറിയും ഭവാനോടെന്തിനു
ചൊല്ലുന്നിതീവക കിഞ്ചിജ്ഞനായ ഞാൻ
എന്നുടെ ദുഷ്കർമ്മമെല്ലാം പൊറുത്തെനി-
ക്കിന്നു ശാപത്തിനു മോക്ഷം തരേണമേ.
ദുർജ്ജനം ചെയ്യുന്ന ദുർവൃത്തിയെസ്സദാ
സജ്ജനം തിതിക്ഷിക്കുമാറില്ലയോ?
പാരം വിനീതനായേവമിതാൻ ചൊന്ന
നേരം പ്രസന്നനായ് ഗാലവൻ ചൊല്ലിനാൻ:
കീർത്തിയില്ലാതെയായ്ത്തീരുമിന്ദ്രദ്യുമ്ന
പാർത്ഥിവശ്രേഷ്ഠനു മേലൊരവനിയിൽ
വേണ്ടും സഹായങ്ങൾ ചെയ്യുകെന്നാൽ നിന-
ക്കുണ്ടായ് വരും ശാപമോക്ഷമന്നാളെടോ.
ഇത്ഥം മുനീശ്വരൻ ചൊൽകയാലന്നതൊ-
ട്ടത്ര ഞാൻ വന്നു വസിച്ചേൻ ഹിമാലയെ.
രാജ്യവും ദീർഘമാമായുസ്സുമെന്നല്ല
പൂജ്യമാം ബോധവുമീശ്വരൻ തന്നുമേ.
ധന്യൻ മുനീശ്വരൻ തന്റെ ശാപത്തിനാൽ
വന്നിതെനിക്കു ശുഭകരവും ഭൂപതേ!

സധംഭവാനന്ദമോദമോടിങ്ങനെ
പൂർവ്വവൃത്താന്തം പറഞ്ഞുതന്നീടിനേൻ.

ഇതി ശ്രീ സ്കാന്ദേ മഹാപുരാണേ ഏകാശീതിസാഹസ്ര്യാം സംഹിതായാം
പ്രഥമേ മാഹേശ്വരഖണ്ഡേ കൌമാരികാഖണ്ഡേ മഹിപ്രാദുർഭാവേ
സപ്തമോദ്ധ്യായഃ.

എട്ടാം അദ്ധ്യായം

പിന്നെയുമർഘം ചെയ്യാനർജ്ജുനൻ തന്നെ നോക്കി-
ധന്യനായിടുന്നോരു നാരദമുനി ചൊന്നാൻ.
ഫൽഗുന! നാഡീജംഘനിത്തരം ചൊന്നതായ
വാക്കുകൾ കേട്ടനേരം ഭൂപതി ദുഃഖംപൂണ്ടാൻ.
മന്നവൻ തന്നെപ്പോലെ മാർക്കണ്ഡമുനീന്ദ്രനും
ഖിന്നമാനസന്മാരായിതീർന്നിതങ്ങുതന്നേരം
കണ്ണുനീരൊലിപ്പിച്ചു ചാകുവാനൊരുങ്ങിത്തൻ
മുന്നിൽ നിന്നിടും ഭൂമീനാഥനു വേണ്ടിവീണ്ടും
ധന്യനാം മുനീശ്വരൻ നാഡീജംഘനെ നോക്കി
ഖിന്നഭാവവും പൂണ്ടു സാദരമരുൾചെയ്താൻ.
മാന്യനായ് ചിരായുസ്സാമങ്ങയെന്നാലിന്ദ്ര-
ദ്യുമ്നഭൂപതിതന്റെ വൃത്താന്തം ധരിച്ചീടാം.
എന്നു ഞങ്ങളോർത്തുവന്നിതിങ്ങോട്ടുകാര്യ-
മൊന്നുമേ ഫലിച്ചീലാ സാമ്പ്രതം മഹാത്മാവേ!
വഹ്നിയിൽ പ്രവേശിച്ചു ജീവനെക്കളയുവാൻ
തന്നെയാണൊരുങ്ങുന്നതെന്നോടെ സഖാവിവൻ.
എന്തിതിൽ പരമായി വൈരാഗ്യം വരേണ്ടതു
ചിന്തിച്ചാലൊരു വഴി കാണ്മതില്ലിതു കാലം.
ഞാനുമീയിവനോടുകൂടെ വെന്തീയിൽ ചാടി
പ്രാണനെയുപേക്ഷിപ്പതില്ല സംശയമേതും.
ആഗ്രഹം സാധിക്കാതെ വന്നാൽ ഞാനോരിവൻ തന്നെ
നോക്കുവാനൊരിക്കലും ശക്തിയില്ലറിയേണം.

[illegible]
ളെന്നതുമൂലമിപ്പോൾ മരണം തന്നെ നല്ലൂ
എന്നുടെ സുഹൃത്തായോരങ്ങയെക്കണ്ടു കാര്യം
ഞാനിന്നു സാധിച്ചിടാമെന്നു ഞാനുരചെയ്യുൻ.
അത്ഥിനെന്നീശ പിതാവിൽ കാഞ്ഞാൽ മമ വാക്ക-
മത്ഥമല്ലാത്തതാവിത്തിരമെന്നറിയേണം.
സത്യത്തെ രക്ഷിച്ചീടാൻ ഭൂപതി ഹരിശ്ചന്ദ്ര-
നെത്രയോ വിഷമിച്ചിതെന്നതുകൊണ്ടുതന്നെ
സത്യതല്പരന്മാരിലൊന്നാമനവനെന്ന
കീർത്തിയുണ്ടിന്നും പാരിൽ സത്യമാകുന്നു മുഖ്യം.
അതുകൊണ്ടിനു ഞാനുമിപ്പുമാൻ തന്നോടൊത്തു
ചിതയിൽ പ്രവേശിച്ചു ജീവനെക്കളയുന്നേൻ.
ഇതു താൻ നമുക്കുള്ളോരന്ത്യദർശനമെന്നു
മതിമൻ! മമ സഖേ! കരുതീടുക വേണം.
അരുളിച്ചെയ്യാൻ വീണ്ടും നാരദൻ ധനഞ്ജയ!
പൂരമാഹാത്മ്യം ചേരും മാഗ്ദിവ്യമുനീശ്വരൻ
ചൊല്ലിയ വാക്യമേവം കണ്ണുനീരോടും കേട്ടു
ചൊല്ലിനാൻ നാരദീശനാലന്നവനെ ദയാഭിദയവം.
എന്തിനു തീയിൽ ചാടി ചാകുവാൻ തുടങ്ങുന്നു.
ചിന്തിതം നിങ്ങൾക്കുള്ളതൊക്കെയും സാദ്ധ്യമാകും.
അതിയായെന്നേക്കാളും പ്രായമുള്ളുലൂകമൊ-
ന്നധുനാ വസിക്കുന്നു കൈലാസശൈലം തന്നിൽ
അവനു നാമം പാരിൽ പ്രാകാരകർണ്ണനെന്നാ-
ണവനിന്ദ്രദ്യുമ്നനൃപനെയറിഞ്ഞീടും.
മിത്രസാഹായ്യം ചെയ്‌വാൻ നിങ്ങളോടൊരുമിച്ചു
തത്ര ഞാൻ വരാമല്ലോ പോക നാമിപ്പോൾ വേഗം.
ഇത്തരമുരചെയ്തു വേഗമാമൂന്നുപേരു-
മെത്തിനാരുലൂകത്തിൻ മന്ദിരേ കൈലാസത്തിൽ.
ചെന്നവർക്കെല്ലാവരുമുപചാരങ്ങൾ ചെയ്യാൻ
ധന്യനായ് വിളങ്ങിടും പ്രാകാരകർണ്ണൻ താനും
തണ്ടാർപേർക്കുടയവരെല്ലാരിന്നവരെന്നു ചൊല്ലി-
ക്കൊണ്ടുടൻ നാരദീശൻ ചൊല്ലിനാൻ ചെന്ന കാര്യം.
[illegible] കാര്യം സാധിച്ചു [illegible] വാൻ
ഞങ്ങളിവിടേക്കു വന്നിതു [illegible]!

[illegible]
യിവരിപ്പൊഴുമെന്നോടോതുവാൻവന്നാരല്ലോ.
മരണംതന്നെഞങ്ങൾക്കാശ്രയംഭവാനിതു
ശരിയായറികയില്ലെന്നിലൊചിരായുഷ്മൻ
ഇത്തരംനാഡീജംഘൻചൊൽകയാലുലൂകവു-
മുത്തരമുരചെയ്യാൻ,കേൾക്കെടോമഹാമതേ!
ഇരിപതെത്തുകല്പമായിഞാൻജീവിയ്ക്കുന്നി-
തൊരുഭൂപാലനേവമുള്ളതായ്ക്കേട്ടിട്ടില്ല.
കൌശികവാക്യമേവംകേൾക്കയാലതിമാത്രം
ക്ലേശമുൾക്കൊണ്ടുഭൂപൻചോദിച്ചാൻവിനീതനായ്.
ഇത്തരംദീർഘായുസ്സുമാന്യനാമവിടേക്കു
സിദ്ധമായതുപാർത്താലെന്തുകൊണ്ടെന്നുംപിന്നെ.
നിന്ദ്യമാമുലൂകത്വമെങ്ങിനെയുണ്ടായ്‌വന്ന-
തെന്നതുംകേൾപ്പാനുള്ളിലാഗ്രഹംവളരുന്നു.
മന്നവവാക്യംകേട്ടുചൊല്ലിനാനുലൂകവു-
മെന്നുടെപൂർവ്വവൃത്തംകേട്ടുകൊള്ളുക ധീമൻ!
ഈശപാദാർച്ചനംമൂലംസിദ്ധമായ്‌ദീർഘായുസ്സു-
മിശ്ശരീരവുമുണ്ടായ്‌വന്നിതുമുനിശാപാൽ.
പണ്ടുഞാൻവസിഷ്ഠന്റെവംശജനൊരുവിപ്രൻ.
ഘണ്ടാനൊന്നായിരുന്നുപേരെന്നിക്കക്കാലം.
വില്വപുഷ്പങ്ങൾകൊണ്ടുകാശിയിൽചെന്നുഞാനും
മുല്ലബാണാരിതന്നെപ്പൂജിച്ചേൻയഥാവിധി.
മല്ലികാദികളായപുഷ്പങ്ങളെക്കാളുംപാരം
വില്വപുഷ്പത്തിനത്രെ മാഹാത്മ്യംശിവാർച്ചനെ.
സപ്തലക്ഷണന്തന്റെമൂർദ്ധാവിലൊരുവില്വ-
പുഷ്പത്താലൊരുദിനമർച്ചിക്കമനുഷ്യരു
അന്യങ്ങളായിടുന്നപുഷ്പലക്ഷത്താൽപൂജി-
ക്കുന്നോരുഫലലോകയൊന്നിനാലതുമെന്നതാം.
ഏവമോർത്തുഞാനങ്ങുവില്വപുഷ്പങ്ങളാലെ-
ദ്ദേവനെയാരാധിച്ചേനക്കാലമൊരുദിനം
ഈശ്വരൻപ്രസാദിച്ചെൻമുന്നിൽവന്നുരചെയ്താൻ
ശാശ്വതൻസനകാദിവന്ദിതൻഭക്തപ്രിയൻ.
അതിവാഞ്ഛയോടെന്നെയർച്ചിച്ചുൻവില്വപുഷ്പങ്ങളാലെ
മതിമൻ! വരമെന്നോടാശുചൊല്ലുകവേഗം.

ശ്രീപരമേശ്വരനാലുള്ള പുത്രൻ കൊണ്ടാരാധ്യനാകുമോ
സിദ്ധനായ് ഭവിച്ചിടുമവനെൻ പ്രസാദത്താൽ.
ചൊല്ലുവാനരുതാക്കുമെന്നോ ഭീകണക്കറ-
വില്വപുഷ്പങ്ങളാലെ പൂജിച്ചീടിന ഫലം.
ദുർല്ലഭമെന്നാലുമിന്നാഗ്രഹം സാധിപ്പിക്കാ-
മില്ലസംശയമേതും വണ്ടുരുചോദിച്ചാലും.
ഇത്തരമുരചെയ്തോരിന്ദുശേഖരൻ തന്നെ
ഭക്തിപൂർവകം വന്ദിച്ചിങ്ങിനെയുണർത്തിനേൻ.
മരണമെനിക്കില്ല നംഭോഗവൻ! ഭവിക്കേണ്ടുവാൻ
വരമിന്നരുളണമെന്നു ഞാൻ കഥിച്ചപ്പോൾ.
അങ്ങിനെ തന്നെയെന്നു സസ്മിതമരുൾ ചെയ്തി-
ട്ടംഗജാരാതി ദേവൻ മറഞ്ഞാനവിടത്തിൽ.
അന്നു തൊട്ടുമരണം കിട്ടുകയില്ലേതുമേ
ധന്യനെന്നാടംഭാവം പൂണ്ടു ഞാൻ വാഴുംകാലം
ഭദ്രവംശത്തിലുണ്ടായ് വന്നിതങ്ങൊരുവിപ്രൻ
നിഗമാഗമവേദി സർവജ്ഞൻ സുദർശനൻ.
സൌന്ദര്യസാരം കൊണ്ടു ദിത്തേരപാലൊരുത്തിക-
ളുന്നവനുണ്ടായ് വന്നിതേറ്റവും മനോഹരി.
ബാലികാഭാവം വിട്ടു യൌവനാരംഭമായ
കാലമന്നൊരുദിനം കന്യകാമണിയവൾ
വന്നിതു കളിപ്പാനായ് തോഴിമാരോടും കൂടെ
യന്നു ഞാനവളെക്കണ്ടുടൻ ഭ്രമപ്പെട്ടേനല്ലോ.
സഖികളോടു ചോദിച്ചവൾ തന്നുദന്തങ്ങ-
ളഖിലമറികയാൽ പെട്ടെന്നു പുറപ്പെട്ടു.
താതനാം സുദർശനബ്രാഹ്മണൻ തന്നെക്കണ്ടു
സാദരം വിവാഹത്തെപ്പറ്റി ഞാനാലോചിച്ചേൻ.
അമ്മഹാൻ താനുമപ്പോൾ കുലശീലങ്ങളോർത്തു
സമ്മതിച്ചിതു തന്റെ മകളെ തരാമെന്നായ്
കന്യകാമണിയവളിക്കാര്യമറിഞ്ഞതി-
ഖിന്നയായസ്ത്രങ്ങൾ കൊണ്ടമ്മയോടുരചെയ്താൾ.
താതനെൻ വേളിയിപ്പോൾ നിശ്ചയിച്ചതാസ്സൂരൻ
മാതാവേ! വിത്രപന്നായൊരുവനെന്നെ നൽകാൻ.
ഈവിധമെന്നാലെൻ ജീവിതം മഹാദുഃഖം
ഭാവിയിലല്ലൊ കൊണ്ടു, ജീവനിൽ കൊതിയില്ല.

[illegible]
നില്ലസംശയമെന്നവനോടിരിക്കുമ്പോൾ
നല്ലവാക്കോതിത്തിങ്കളെപ്രിയർക്കൊരുഖേദമേറി
കല്യാണാംഗനനിയുക്താമാവശ്യമായിതെന്നു
പുത്രിചൊന്നതുസർവ്വംകേൾപ്പിച്ചനേരംവിപ്ര-
സത്തമൻസുദർശനനേറ്റവുംഖേദംപൂണ്ടാൻ.

എന്തുചെയ്യുന്നുഞാനെൻപാപിനെരക്ഷിക്കാഞ്ഞാൽ
ഹന്തദുഷ്കീർത്തിയുണ്ടാമില്ലസംശയമേതും.

ഒട്ടുമേഹിതമല്ലകന്യകയിവളെന്നാൽ
കഷ്ടമാണിതുചെയ്യാലാപത്തുംഭവിച്ചീടും.

അതുകൊണ്ടിവളോടുനല്ലവൻചോദിച്ചീടിൽ
ശ്രുതിയുണ്ടവൾക്കാംദോഷമില്ലതിനെന്നായ്.

ഏവമോർത്തവനന്യവിപ്രനെക്കൊണ്ടുതന്നീടാൻ
ഭാവമുണ്ടെന്നതന്നാൾവല്ലിയെന്നതുംകേട്ടു.

നാട്ടിലക്കഥയെല്ലാംപാട്ടായിഭവിച്ചിതെൻ
കൂട്ടരോർപ്പറഞ്ഞെന്നേറ്റവുംകളിയാക്കി.

മാനഹാനിയുമാശാഭംഗവുംനിമിത്തമായ്
ഞാൻ അതിക്രുദ്ധംചെന്നുരാത്രിയിലുറങ്ങുന്ന-

കന്യകതന്നെക്കൂട്ടിക്കൊണ്ടുപോയൊരേടത്തു
ചെന്നുകല്യാണംചെയ്തേൻഗാന്ധർവ്വവിധിയാലെ

എത്തിനാൻപ്രഭാതത്തിലവിടെസുദർശനൻ
മിത്രങ്ങളോടുംകൂടെക്രോധസംഭ്രാന്തനായി.

കന്യകാഭാവംവിട്ടതുകണ്ടുകോപി-
ച്ചെന്നോടുശാപവാക്യമിത്തരമുരചെയ്താൻ.

ദുർമ്മതേ! കലാധര! രാക്ഷസവൃത്തികൈക്കൊ-
ണ്ടെന്മകൾതന്നോടേവംചെയ്ക കാരണംമേലാൽ

നിർണ്ണയംനിശാചരനായിനീഭവിച്ചീടു-
മെന്നശാപത്തെക്കേട്ടുപാരമാർത്തനായ്ഞാനും.

ശ്രേഷ്ഠനാംസുദർശനൻതന്നുടെപാദങ്ങളിൽ
സാഷ്ടാംഗപ്രണാമംചെയ്തിങ്ങിനെയപേക്ഷിച്ചേൻ.

ഇത്തരംശപിച്ചീടാനെന്തൊരുമൂലംവിപ്ര-
സത്തമ! ഭവാനെനിക്കിവളെത്തന്നുമുന്നേ.

മറ്റൊരുത്തനുപിന്നെനൽകുവാനവകാശം
ചേരുമില്ലവിടേക്കെന്നുള്ളതറിവില്ലേ?

[illegible]-
മുരചെയ്യുന്നതാമൊട്ടു പനം വിദ്വാൻതാനും.
കന്യകാദാനം വീണ്ടും വിഘ്നമില്ലാതിരിക്കണം
ധന്യനാം ഭവാനെല്ലാമറിവുള്ളവനല്ലോ.
ജ്ഞാനിയാം ഭവാനെൻ്റെ ശാപത്തെക്കളയേണം
ഞാനിതിൽ ദോഷമൊന്നും ചെയ്തവനല്ലയല്ലോ.
എന്നുടെ വാക്യമേവം കേട്ടളവിത്തുസത്യം
തന്നെയെന്നോർത്തു വിപ്രൻ ശാന്തനായുരചെയ്താൻ.
ചൊന്ന വാക്കിതെല്ലാം വ്യർത്ഥമായ് വരാതെന-
മെന്നാലും നിശാചരനായിനീ വസിക്കേണ്ട.
രാത്രിചാരികളത്രേ കേവലമുലൂകങ്ങൾ
ധാത്രിയിലുലൂകമായ് വാഴ്ക ഭവാൻ മേലാൽ.
മന്നനാമിന്ദ്രദ്യുമ്നൻ തന്നുടെ സഹായിയായ്
വന്നീടും ഭവാൻ, അന്നാൾ ശാപമോക്ഷവുമുണ്ടാം.
അന്നു തൊട്ടിവിടത്തിൽ വന്നു ഞാൻ വാണീടുന്നു
ധന്യനാം മുനിയുടെ ശാപത്താലുലൂകമായ്.
ദേവദേവേശനായ ശംഭുതൻ പ്രസാദത്താ-
ലേവമാം ചിരായുസ്സും വിപ്രജന്മവുമുണ്ടായ്.
ബ്രാഹ്മണശാപം മൂലമുണ്ടായിതുലൂകത്വം
സന്മതേ! കഥിച്ചേൻ ഞാൻ പൂർവവൃത്താന്തമെല്ലാം.

ഇതി ശ്രീ സ്കാന്ദമഹാപുരാണേ ഏകാശീതിസാഹസ്ര്യാം സംഹിതായാം
പ്രഥമേ മാഹേശ്വരഖണ്ഡേ കൌമാരികാഖണ്ഡേ [illegible] മഹിപ്രാദുർഭാവേ
അഷ്ടമോദ്ധ്യായഃ

ഒൻപതാം അദ്ധ്യായം

കർമ്മപ്രവീണനായ് വിളങ്ങും പാർത്ഥനോ-
ടരുൾ ചെയ്താൻ വീണ്ടും സുരർഷി നാരദൻ.
ഉലൂകത്തിൻ വാക്യമിവണ്ണം കേട്ടള-
വലഘുദുഃഖം പൂണ്ടവനിനായകൻ
സഖാക്കളോട് [illegible] മുനി ബകങ്ങൾതൻ
മുഖ്യമുള്ളതോരോന്നിനാധികാരത്തതായ്.

ഗൌരവമാനായബകപ്രവരൻമുമ്പോടു്
വിനീതനായ് ചൊന്നാനുലൂകൻതന്നോടേവം
ശരിക്കിന്ദ്രദ്യുമ്നധരാമണാളൻെറ
ചരിതമെങ്ങൾക്കു വിവരമുണ്ടെന്നായ്.
ചിരായുഷ്മൻ! ഞങ്ങൾനിനച്ചുമൂവരു-
മൊരുമിച്ചിങ്ങോട്ടുതിരിച്ചിതിക്കാലം.
അറിവില്ലെന്നല്ലോകഥിച്ചിതുധരാ-
വരൻെറവൃത്താന്തമവിടെക്കതെല്ലാം.
ഇതുധരിക്കെഞ്ഞാലിവർനാശിച്ചുപോ-
മതുകണ്ടുഞാനുംസഹിപ്പതെങ്ങിനെ.
അനലനിൽചാടിമരിക്കുവാൻതന്നെ
മനസിഞങ്ങളുംനിനച്ചിരിക്കുന്നു.
അവസാനയാത്രകഥിച്ചിട്ടന്നേൻഞാൻ
ഭവാനോടിന്നേരം, ചിരംജയിക്കവീ.
ബകവാക്യമേവംശ്രവിച്ചുലൂകവു-
മകതാരിലോത്തുപറഞ്ഞാനിത്തരം
അത്രസാഹസംനിവൃത്തിയുണ്ടാകി-
ത്തരുവനെന്നേക്കാളധികംപ്രായമായ്,
അനഘനാമൊരുകഴുവുംഗന്ധമാ-
ദനത്തിലുണ്ടവനറിയുമൊക്കെയും
ഭവാന്മാരൊത്തുവരാമല്ലോഞാനു-
മവനോടിക്കാര്യംകഥിക്കുവനായി.

ഇതികഥിച്ചവനവരോടുമൊന്നി-
ച്ചതിവേഗംഗൃദ്ധ്രസ്ഥലീപത്തെപ്പുക്കാൻ
അതിഥികൾക്കെല്ലാമുപചാരംചെയ്യാൻ
വിധിപോലെഗൃദ്ധ്രപ്രവരനപ്പോൾ.
അലംപുകൌതുകംകലർന്നുഗൃദ്ധ്രത്തോ-
ടുലൂകനായകൻപറഞ്ഞിതിത്തരം.
ഭവാനിന്ദ്രദ്യുമ്നധരാമണാളൻെറ
വിവരമെല്ലാമുമറിഞ്ഞിട്ടുണ്ടെങ്കിൽ
പറഞ്ഞാൽകൊള്ളാമെന്നുലൂകനായകൻ
പറഞ്ഞതുകേട്ടുപറഞ്ഞുഗൃദ്ധ്രവും.
ദിനസ്സുകല്പങ്ങൾ [illegible]
റെനീക്കിജീവിതമരയിലിന്നോളം

[illegible]
മനസിസംശയംവെടിഞ്ഞുചൊല്ലീടാം.
ശിഷ്യകളെനിങ്ങൾക്കെഴുന്നസംശയ-
മശേഷമെന്നോടുകഥിപ്പിനിന്നിയും.
ചിരായുസ്സാംഗുരുമിവണ്ണംചൊന്നപ്പോൾ
കരളിലുള്ളതംകലർന്നപാർത്ഥിവൻ
ഇവണ്ണമായുസ്സുഭവാനുദീർഘമായ്
ഭവിക്കുവാനുള്ള നിമിത്തമെന്തെന്നും.
കഴുവായ്തീർന്നതിൻപ്രകാരവുംകേൾപ്പാൻ
വഴങ്ങിചൊന്നപ്പോൾകഥിച്ചുഗുരുവും.
ധരണിയിലൊരുസ്ഥലത്തുഞാൻപണ്ടു
കരഞ്ഞനായിട്ടുജനിച്ചിതു ധീമൻ!
ശിവാലയമൊന്നുണ്ടവിടെമുഖ്യമായ്
ഭവപ്രസാദാർത്ഥംജനങ്ങളൊക്കെയും.
ദേനകോത്സവംനടത്തുമാറുണ്ടു
ക്രമമായിട്ടെന്നുംവസന്തകാലത്തിൽ.
ശിവന്റെവിഗ്രഹമതിമോദത്തോടെ
സുവർണ്ണപല്ലക്കിലെടുത്തുവെച്ചവർ
മഹാവിധിപൂജിച്ചെഴുന്നെള്ളിച്ചിട്ടു-
ത്തുതന്നെയല്ലോദേനോത്സവം.
ശിവപ്രതിഷ്ഠൻനിവാസംകൊണ്ടേറ്റം
പവിത്രമായുള്ള സുവർണ്ണപല്ലക്കിൽ
ഒരുദിനംരാവിൽജനങ്ങളാരുമേ
ധരിക്കാതെ ചാരിപ്രവേശിച്ചുഞാനും.
കിടന്നുകൾക്കുള്ള ചാപലവൃത്തിയെ-
ക്കുറിക്കുവാനാകുമസാദ്ധ്യമല്ലയോ?
കളിച്ചുപല്ലക്കിൻതലയ്ക്കൽചെന്നിരു-
ന്നിളക്കിയനേകവംകഴിച്ചുരാത്രിയെ.
പുലർച്ചയിൽവന്നജനങ്ങളന്നേരം
കളിസ്ഥമെന്നേക്കണ്ടതിക്കോപംപൂണ്ടു
വടികളുംകല്ലുമെടുത്തുകൊണ്ടവ-
നടികളുംമേന്മേലെറികയുംചെയ്താർ,
പ്രഹരവുമേറ്റപ്പോളതേറ്റതിനാൽ
മഹേശപാദാഗ്രേസ്ഥിതനായിത്തന്നെ

പരമായിൽപിന്നെയർച്ചിച്ചു ദക്ഷനായ്
ഗുണവാനാം കാശിക്ഷമാവർമ്മൻതൻറ
തനയൻ ഞാനനുകമ്പാലു ശശിധരൻ.
മഹാശിവരാത്രിതൻ പ്രസാദത്താലപ്പോ-
ളെനിക്കൊരു സ്മരണയുണ്ടായി.
അതുകൊണ്ടു ഞാനും വസന്തകാലത്തിൽ
പതിവായ് ചൈത്രമായിട്ടുള്ള മാസത്തിൽ
ചതുർദ്ദശിയതാം വെളുത്ത പക്ഷത്തെ-
ന്നിതൊക്കെയും ചേർന്നുള്ള ദിനത്തിങ്കൽ
ദമനകോത്സവം ദീപനാദികളും
ക്രമമായ് ഘോഷിപ്പാൻ കൊടുത്തിതാശയെ
ശിവപ്രീതികരം പരമമതായ
ശിവദീക്ഷാവ്രതമനുഷ്ഠിച്ചേൻ പിന്നെ.
കഠിനമാം വ്രതവിധിയാലീശ്വരൻ
സ്പഷ്ടം തെളിഞ്ഞെന്നോടരുൾ ചെയ്യുന്നാൻ.
തെളിഞ്ഞു ഞാനേറ്റം ഭവാന്റെ ഭക്തിയാ-
ലിപ്പോളതേ! വേണ്ടും വരം ചോദിച്ചാലും
ഇവണ്ണം നിഷ്ഠപൂണ്ടിരുന്നിടുന്നവൻ
ഭവാനോടപ്പോളില്ലൊന്നോതേണ്ടതെങ്കിലും.
വിധുചൂഡനേവമരുളിച്ചെയ്തപ്പോ-
ളധികം ഭക്തിപൂണ്ടറിയിച്ചേനേവം.
ഭോ ഭോ മഹേശ! ഭോ! കൃപാനിധേ!
ഭവൽഗണങ്ങളിലൊരുവനായി ഞാൻ
ഭവിക്കുമാറിപ്പോളനുഗ്രഹിക്കുവാൻ
തവ തിരുവുള്ളമുദിക്കണമെന്നിൽ.
ഇവണ്ണമർത്ഥിച്ചോരളവു ശങ്കരൻ
ശിവനാതേവിധമനുഗ്രഹിച്ചിതു.
ഒരുവിമാനവുമെനിക്കു നല്കിനാൻ
പുരുകൃപാനിധി പുരാസുരാന്തകൻ
ഗണത്വമാർന്നു ഞാൻ വിമാനസംസ്ഥനാ-
യണഞ്ഞിതങ്ങു ലോകങ്ങളിലെല്ലാം
അനുപമങ്ങളാമെഴുന്ന ഗന്ധമാ-
ദനഗിരിയിലണഞ്ഞിതു കേൾ.

വിവസ്ത്രയായൊരുമുനിസുതകളും
സഖിയോടുമൊത്തു കുളിപ്പതായ്ക്കണ്ടു
സകൌതുകം ഞാനുമിറങ്ങിയക്ഷണം
മുനികുമാരിയെ വിമാനത്തിലേററി
ക്ഷണം ഗമിപ്പാനായ് തുടങ്ങുന്നനേരം
അധികംഭീതയായ് സഖിയുമമ്മുനി
പദങ്ങളിൽ വീണു വണങ്ങിച്ചൊല്ലിനാൾ.
വിമാനചാരിയാമൊരുത്തനിന്നു നിൻ
കുമാരിയെ ബലാൽ പിടിച്ചുകൊണ്ടുപോയ്
ഒരു തുണയില്ലാഞ്ഞധികമാർത്തയായ്
കരയും പുത്രിയെ കനിഞ്ഞു കാക്കണെ.
ഇവണ്ണം കേട്ടളവധികം ക്രുദ്ധനായ്
വിവർണ്ണനാഗ്നിവേശ്യനാം മുനീശ്വരൻ
അവിടെ നിൽക്കെന്നിതി കഥിച്ചുകൊ-
ണ്ടവനാകാശത്തിലണഞ്ഞുതൽക്ഷണം.
മതിമാൻ തന്നുടെ തപഃപ്രഭാവത്താൽ
ഗതിസ്തംഭമപ്പോളെനിക്കുളവായി.
കടുംകോപാഗ്നിയാൽ ദഹിച്ചുപോംമാറൊ-
ന്നുടനുവന്നാതികടുത്തവാക്കേവം.
വിടുമൊ നിന്നെ ഞാനെവിടെക്കുപോകാൻ
തുടങ്ങുന്നു മൂഢ! ശഠ! ദുരാത്മാവെ!
ഒരുമാംസഖണ്ഡം കവർന്നു ഗൃദ്ധ്രംതാൻ
പറന്നുപോംപോലെ മദീയപുത്രിയെ
പഴുതെ നീ ബലാൽ ഹരിക്കയാലിപ്പോൾ,
കഴുകനായ്ത്തന്നെ ഭവിക്കട്ടെ മേലാൽ.
മനസ്സിലിപ്പിവളൊരിക്കലും നിന്നെ
നിനച്ചിടാതെ കണ്ടിരിക്കയുമേവം.
മുനികുമാരിയിലപരാധം ചെയ്തു
വിനവരുത്തിയതനുഭവിച്ചാലും.
മുനിശാപവാക്യമിവണ്ണം കേൾക്കയാൽ
വിനീതനായ് ഞാനുമപേക്ഷിച്ചേനേവം.
അറിയാതെ ചെയ്തോരപരാധമെല്ലാം
പൊറുത്തങ്ങെന്നെയനുഗ്രഹിക്കേണമേ!

ആശ്രയമൊന്നുമെന്നോർക്കാതിനാൽ
കൃപാനിധേ! ചെയ്തീലശ്രദ്ധ ശിക്ഷണം.
ശിവഗണങ്ങളിലൊരുവനാണു ഞാൻ
ഭവാൻ ശാപമോക്ഷം കനിഞ്ഞു നൽകണേ.
ഇവണ്ണമർത്ഥിച്ചോരളവു മാമുനി-
പ്രവരനും പാരം തെളിഞ്ഞരുൾചെയ്തു:
മഹാനിന്ദ്രദ്യുമ്നനൃപാലനുമേവം
സഹായം നീ ചെയ്‌വാനിടവരുമപ്പോൾ
വരും ശാപമോക്ഷമിവണ്ണമമ്മുനി
വരൻ ചൊല്ലി തന്റെ മകളോടും പോയാൻ.
അന്നുമുതൽ ഞാനിവിടത്തിൽതന്നെ
മരുവൻ! പാർത്ഥിവ! കഷ്ടകരാദയവം.
ശിവപ്രസാദത്താൽ കരുണനാമെനി-
ക്കവനിപാലകപദവുമെന്നല്ല-
ലഭിച്ചു മജ്ജന്മസ്മൃതിയും, മാമുനി
ശപിച്ചതാലേവം കഴിവാനും തീർന്നൽ.
ധരിപ്പിച്ചേനല്ലോ മദീയപൂർവ്വമാം
ചരിതമിത്തരം ഭവാനുവേണ്ടി ഞാൻ.

ഇതി ശ്രീസ്കാന്ദമഹാപുരാണേ ഏകാദശീ സാഹസ്ര്യാം
സംഹിതായാം ബ്രഹ്മനാരദസംവാദേ കൌമാരികാഖണ്ഡേ
മഹിമാവർണ്ണനേ
നവമോദ്ധ്യായഃ

പത്താം അദ്ധ്യായം

അതിതാനന്ദമുൾക്കൊണ്ടരുളിച്ചെയ്താൻ വീണ്ടു-
മമലാശയൻ സാക്ഷാൽ നാരദമുനീശ്വരൻ.
കേൾക്കതൊ വിജയ! നീ ഗ്രന്ഥനായകൻ ചൊന്ന
വാക്കുകൾ കേട്ടനേരം ഭൂപനും മറ്റുള്ളോരും
അതിയായ് മോദം പൂണ്ടു നോക്കിനാർ പരസ്പരം
മതിമാനതുകവും ഗ്രാഹ്യത്തോടു ചൊല്ലാൻ.
ഉദ്ദിഷ്ടകാര്യസാദ്ധ്യമുണ്ടായില്ലിവിടെയു-
മദ്യ ഞങ്ങൾക്കു വീരൻ! തെണ്ടിത്തെന്നയല്ലോ.

ശരിതാപവസാനയാത്ര ഞാൻ ചൊല്ലീടുന്നോൻ
ഗുതിതാമ്പാവാപോവാനൊ നനുഗ്രഹിക്കേണം.
മിത്രമാമൃഗ്യകത്തിൻ ചാകരേകട്ടന്തരം-
ഗുഹത്താരിലാരോചിച്ചുഗദ്ധ്രുവുമരചെയ്യാൻ.
ചെറുതെമരിക്കേണ്ടമതിമാന്മാരാം നിങ്ങ-
ളൊരുമെല്ലുപായമുണ്ടെങ്കിൽ ഞാൻ ചൊല്ലാമല്ലോ.
എന്നുടെമിത്രനായിട്ടെന്നിലും വയസ്സനാ-
യിന്നൊരാളുണ്ടു ഗുരുനാസസരസ്സികൾ
ധന്യനദ്ദേഹം നല്ലതറിയാത്തതുള്ളകാര്യ-
മൊന്നുമില്ലറിയേണം ഞാനവനോടന്നിച്ചുപോരാം.
ഇത്തരമുരചെയ്തദ്ധ്രുവനവരോടൊ-
ത്തത്തിനാൽ കൂടും പോഴും താനസരസ്സികൾ.
ആഗതന്മാരായുള്ളോരിവരെക്കണ്ടുമിത്രം
വേഗമായുമാടിവെള്ളത്തിനുള്ളിൽ പുക്കാൻ.
ഞങ്ങളെക്കണ്ടുപേടിച്ചോടുന്ന കൂർമ്മത്തോടാ-
യിങ്ങനെകഥിച്ചിതദ്ധ്രുവനായകനപ്പോൾ
നന്നെടൊകമഠമതേ! നിനക്കടസമീചീനം.
വന്നിരുന്നവരോടു ചെയ്യേണ്ടുന്നുപചാരം
അങ്ങയെക്കാണ്മാൻ പാരമാഭിലാഷമുള്ളീടുന്ന
ഞങ്ങളെക്കണ്ടുനീ ഓടിയതുചിതമോ?
അതിവിജ്ഞന്മാരാം പെരുമാറേണ്ടതായ
വിധിയെമ്പോലൊട്ടുമറിവില്ലെന്നുവന്നോ.
അഗ്നിയാകുന്നു മുഖ്യം ബ്രാഹ്മണർക്കറിയേണം
വർണ്ണികൾക്കെല്ലാം മുഖ്യം ബ്രാഹ്മണരായിടുന്നു.
തന്നുടെ ഭർത്താവല്ലോ നാരികൾക്കെല്ലാം മുഖ്യം
മാന്യരാണതിഥികളെല്ലാർക്കുമൊരുപോലെ.
അങ്ങിനെയിരിക്കവെ ഞങ്ങളോടനാദര-
മിങ്ങിനെ കാണിച്ചീടാനെന്തൊരു ബന്ധം ധീമൻ!
ആയുമെത്തുനേരം സവിധേ വന്നു പൊന്നാ-
നീമഹത്തുക്കളെല്ലാം ഞാനറിഞ്ഞിരിക്കുന്നു.
നിങ്ങളെക്കാളും പ്രായമുള്ളവനതിഥിയോ-
ടെങ്ങിനെ വേണ്ടതെന്നുമറിയാം വഴിപോലെ.
അതുകൊണ്ടാണല്ലൊ നിങ്ങളെക്കണ്ടുപേടി-

സാധുക്കളിലൊന്നാമനായ്‌ത്തീർന്നോരുത്തമൻ
മംഗലനിവൻ പണ്ടു ചെയ്തിതു പല യാഗം.
അന്നു യാഗാഗ്നി തട്ടിപ്പൊള്ളിയ വ്രണത്തിന്നു-
മെന്നുടെ പുറത്തുണ്ടു കണ്ടാലും ഭവാനെടോ.
യാഗവഹ്നിയാലെന്നെച്ചുട്ടവനിവനിപ്പോ-
ളാഗതനായാനെന്നു ചിന്തയാ ഭയംപൂണ്ടേൻ.
ഏവമക്കള്ളൻ വാക്യം കേട്ടക്കാലധിമാത്ര-
മേവരും സന്തോഷിച്ചാരത്രയല്ലവിടത്തിൽ.
ദേവലോകത്തിൽ നിന്നും പുഷ്പവൃഷ്ടിയുമുണ്ടായ്
ദേവദുന്ദുഭിഘോഷം കേൾക്കുമാറായി വന്നു.
സന്മാന്യനായിടുന്ന ഭക്തനു കേറിപ്പോകാൻ
പൊന്മയം വിമാനമൊന്നവിടെക്കാണായ്വന്നു.
നിർമ്മലൻ ദേവദൂതനതിൽ നിന്നുരചെയ്താ-
നിമ്മഹാവിമാനത്തിൽ കേറുക നരപതേ!
കീർത്തിയിന്നുണ്ടായ് വന്നു ഭൂപതേ! ഭവാനിനി-
പ്പാർത്തീടാം ചതുർമ്മുഖലോകത്തിൽ മുന്നേപ്പോലെ.
[illegible] കാലത്തോളം കീർത്തിയുണ്ടതുവരെ
വാദമില്ലതിലൊട്ടും വാണീടാമവിടത്തിൽ.
അങ്ങയെക്കൊണ്ടുപോകാൻ ബ്രഹ്മശാസനം മൂല-
മിങ്ങോട്ടു വിമാനവും കൊണ്ടു ഞാൻ വന്നേനല്ലോ.
തുഷ്ടനായ് ദേവദൂതൻ ചൊല്ലിയ വാക്യമേവം
കേട്ടളവവനീന്ദ്രൻ ചൊല്ലിനാനവനോടായ്.
എന്നുടെ സഖാക്കളീനിപ്പുരിവാസരെയു-
മൊന്നൊട്ടു കൂടെക്കൊണ്ടുപോകേണം ഭവാനിപ്പോൾ.
തൊന്നുമില്ലല്ലെന്നാകിൽ പോരുന്നോളം ഭവാനെന്നു
മാനവശാർദ്ദൂലവാക്യം കേട്ടു ദൂതനും ചൊന്നാൻ.
ഇവരെക്കൊണ്ടുപോകാനില്ലിനിസ്സുവകാശം
ഇവരെങ്ങനെ കേറിപ്പോരികമടിയാതെ.
ദേവദൂതനിതാകിൽ കേട്ടിട്ടു തദാ ചൊന്നാൻ ഭൂപൻ
കേവലമിതു ചെയ്യാൽ ധർമ്മമല്ലയി! ധീമൻ!
ഉൽക്കൃഷ്ടരായിട്ടുള്ളോരിവർ തൻ പ്രസാദത്താ-
ലുൽക്കർഷമുണ്ടായ് വന്നിതെനിക്കെന്നറിയേണം;
ഉപകാരത്തെച്ചെയ്തോരിവരെ വെടിയുവാൻ
കൃപണന്മാർക്കു മാത്രം തോന്നുമെന്നല്ലോ നൂനം.

ഇവർതന്നഭിപ്രായം തെല്ലുമേ ധരിച്ചിട്ട-
ല്ലിവരെക്കൊണ്ടുപോകാൻ ചൊല്ലിനാൻ ദേവദൂത!
ചൊല്ലാതെ വേണ്ടും കാര്യം ചെയ്യുവൻ നല്ല മിത്രം
ചൊല്ലിയാലതുപോലെ ചെയ്യുവൻ ഭൃത്യനല്ലോ.
ഇവരെക്കൂടാതങ്ങു പോരുവാൻ മനസ്സില്ലെ-
ന്നവനീശോക്തി കേട്ടു ദേവദൂതനും ചൊന്നാൻ.
കേൾക്ക നീയിവരെല്ലാം ശിവപാർഷദന്മാരാ-
ണാഗ്രഹമിവർക്കില്ല സ്വർഗ്ഗസൗഖ്യത്തിലൊട്ടും.
ഈവിധമോരോ മട്ടു വാഴുന്നു ശാപത്താലെ.
കൈവരുമിവർക്കെല്ലാം ശാപമോക്ഷവുമിപ്പോൾ.
ശിവലോകത്തിൽ ചെന്നു ചേരുവാനൊഴിഞ്ഞിവ-
ർക്കിവിടെപ്പോകുവാനും കാൺകിലില്ലഭിലാഷം.
[illegible] വരനു ചെയ്യുന്നെങ്കിലൊന്നുമുക്കളി-
ദ്ദേവലോകത്തെപ്പററിവർക്കാദരയില്ലറിയേണം.
ഐശ്വര്യമില്ലവിടത്തെപ്പാർപ്പിനു വിധാതാവു
കാര്യമില്ലാതെ തള്ളിവിട്ടു ഭൂതലത്തിലാക്കും.
പുണ്യമുണ്ടെന്നി[illegible]ട്ടും വിരിഞ്ചനി-
[illegible]ന്നോടു ചെയ്തിട്ടുള്ളതോർമ്മയുണ്ടറിയേണം.
ഇനിയുമിതുപോലെ ചെയ്യുവാൻ മടിയില്ല
മനസ്സിനുമൊട്ടുമാഗ്രഹമിതിലില്ല.
ഇവരെപ്പോലെ ഞാനും ശിവപാർഷദനായി-
ശ്ശിവലോകത്തെപ്പുക്കു വാഴുവാൻ മോഹിക്കുന്നേൻ
ഉൾക്രമം കൂടാതുള്ളോരവൻ തന്നെ വാക്കാ-
ലത്ഭുതം പൂണ്ടാനേററം ദേവദൂതനുമപ്പോൾ.
[illegible]തൻ ചരിതത്തെ കേൾക്കുവാൻ ചോദിച്ചോരു
[illegible]നോടു ചൊല്ലിനാൻ കുംഭശ്രേഷ്ഠൻ

ഇതി [illegible] മഹാപുരാണേ [illegible] കാശീ[illegible]
[illegible] യാം [illegible]
[illegible]
[illegible]


കേരള സാഹിത്യ
അക്കാദമി

	ക	ണ	പ
മാർത്താണ്ഡവർമ്മ	1	൦	൦
അക്ബർ	൦	14	൦
മീനാക്ഷി	1	8	൦
ഭാസ്കരമേനോൻ	൦	8	൦
കഥാരത്നമാല—ഒന്നാം ഭാഗം	൦	8	൦
ടി —രണ്ടാം ഭാഗം	൦	8	൦
സൌദാമിനി	1	൦	൦
മണിപ്രവാള ശാകുന്തളം	1	4	൦
മലയാള ശാകുന്തളം	൦	8	൦
മാളവികാഗ്നിമിത്രം	൦	9	൦
അമരുകശതകം	൦	8	൦
മയൂരസന്ദേശം	൦	8	൦
കുമാരസംഭവം (ഏ. ആർ. രാജരാജവർമ്മ) പരിഷ്കരിച്ച പതിപ്പ്	൦	8	൦
കേരളപാണിനീയം			
വെച്ചൂർസ്റ്റുടി	[illegible]	[illegible]	[illegible]
ഗദ്യമാലിക—൧ മുതൽ ൩ വരെ ഭാഗങ്ങൾ	3	൦	൦

ചില പുതിയ പുസ്തകങ്ങൾ

	ക	ണ	പ
നവീനശാസ്ത്രപീഠിക	൦	10	൦
ധർമ്മരാജരത്നം	൦	4	൦
വിദ്യാഭ്യാസം 2-ാം ഭാഗം (കെ. വ	൦	12	൦
രാമായണകഥാ സംഗ്രഹം	൦	4	൦
മതവും ശാസ്ത്രവും	൦	10	൦
ചാരുദത്തൻ ഭാഷാനാടകം	൦	12	൦
പ്രസംഗാഭരണം	1	൦	൦
ഭൂവിജ്ഞാനീയം	൦	12	൦
പ്രഥമവ്യാകരണം	൦	2	6
മദ്ധ്യമവ്യാകരണം	൦	8	൦
ശബ്ദശോധിനി	൦	9	൦
മണിദീപിക	1	൦	൦

കേരള സാഹിത്യ
അക്കാദമി